പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2686 **28-10-2026-ൽ മറുപടിയ്ക്ക്**

പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് ആൻഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് ആൻഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി നബാർഡിന്റെ RIDF- XVI-ൽ ഉൾപ്പെടുത്തി 35 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പദ്ധതി വിഭാവനം ചെയ്ത 1200 ഹെക്ടർ പ്രദേശത്തേക്കുള്ള ജലസേചന സൗകര്യം പ്രാവർത്തികമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡ് ആർഐഡിഎഫ് ട്രാഞ്ചെ -XVI ൽ അംഗീകാരം നല്കിയ മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ Construction of Pookkottumanna Regulator cum Bridge across Chaliyar River എന്ന പ്രവൃത്തിയുടെ Phase I ഘടകങ്ങൾ 28.5 കോടി രൂപ ചെലവഴിച്ച് 2016-ൽ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ Phase II ൽ പൂക്കോട്ടുമണ്ണ RCBയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും നബാർഡ് ട്രാഞ്ചെ XVI-ന്റെ കാലാവധി അവസാനിച്ചതിനാൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാലാവധിക്കുള്ളിൽ നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല.

(ബി) പ്രസ്തുത പ്രവൃത്തിയിലെ പൂർത്തിയാകാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഈ വർഷത്തെ നബാർഡ് RIDF- XXXII-ൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മറുപടി: നബാർഡ് ട്രാഞ്ചെ 32-ൽ പരിഗണിക്കുന്നതിനായി "Pookkottumanna RCB Right Bank New Lift Irrigation Scheme in Chungathara Grama Panchayath in Nilambur LA Constituency in Malappuram District - General Civil Work" എന്ന പ്രവൃത്തിയ്ക്കായി 14.40 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ